**കേരള സർക്കാർ**
**ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്ജില്ലാ**
**ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 നവംബർ 18 തിങ്കൾ**
<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web:www.prd.kerala.gov.in.E-mail.diothrissur@gmail.com.**
<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**പാർട്ട് - 3**

## അംഗൻവാടിക്കുള്ള സ്ഥലം പഞ്ചായത്തിന് കൈമാറി

കാട്ടൂർ ഗ്രാമപഞ്ചായത്തിൽ 14ാം വാർഡിൽ 27 വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന നിറവ് അംഗനവാടിക്കായി വാർഡ് മെമ്പർ അമീർ തൊപ്പിയിലിന്റെ നേതൃത്വത്തിൽ വെൽഫെയർ കമ്മിറ്റി പൊതുജനങ്ങളുടെ സഹായത്തോടെ വാങ്ങിയ സ്ഥലത്തിന്റെ ആധാരം പഞ്ചായത്ത് സെക്രട്ടറി കെ ആർ സുരേഷിന് പ്രസിഡന്റ് ടി കെ രമേശിന്റെ സാന്നിധ്യത്തിൽ കൈമാറി. ചടങ്ങിൽ ബെറ്റിജോസ്, ഷീജാപവിത്രൻ, ധീരജ് തേറാട്ടിൽ, രാജലക്ഷ്മി കുറുമാത്ത്, ജയശ്രീസുബ്രഹ്മണ്യൻ, ടി വി ലത, മനോജ് വലിയപറമ്പിൽ, എ എസ് ഹൈദ്രോസ്, സ്വപ്നനെജിൻ, എം ജെ റാഫി, ബീന രഘു വെൽഫെയർ കമ്മറ്റി കൺവീനർ സിമിസുധീർ, ട്രഷറർ അശോകൻ ചെത്തിക്കാട്ടിൽ എന്നിവർ സംസാരിച്ചു.

## കോർപറേഷൻ : ഏറ്റവും കുറഞ്ഞ സേവന ഉപനികുതി ഈടാക്കാൻ തീരുമാനം

കോർപറേഷൻ പരിധിയിൽ ഏറ്റവും കുറഞ്ഞ സേവന ഉപ നികുതി ഈടാക്കാൻ കൗൺസിൽ തീരുമാനം. നിയമാനുസൃതമായ ഏറ്റവും കുറഞ്ഞ ഉപ നികുതിയായി 10% തുകയാണ് ഈടാക്കാൻ തീരുമാനിച്ചത്. 2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജും ചട്ടങ്ങളിലെ 27-ാം ചട്ട പ്രകാരം തറ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിട നികുതി നിശ്ചയിച്ചതിന് ശേഷം നികുതിയുടെ 10% വരുന്ന തുക ആണ് സേവന ഉപ നികുതി ഇനത്തിൽ ഈടാക്കുക. 2016 മുതലുള്ള നികുതിയും പിരിച്ചെടുക്കാൻ കൗൺസിൽ തീരുമാനമായി.

## ദേശീയ ഖൊ ഖൊ ചാമ്പ്യൻഷിപ്പിൽ നേട്ടവുമായി ഗുരുവായൂർ ദേവസ്വം സ്കൂൾ

ഹരിയാനയിൽ നടന്ന ദേശീയ ഖൊ ഖൊ ചാമ്പ്യൻഷിപ്പിൽ മികച്ച വിജയവുമായി ഗുരുവായൂർ ദേവസ്വം ഇംഗ്ലീഷ് മീഡിയം സ്കൂളിലെ കുട്ടികൾ. ചാമ്പ്യൻഷിപ്പിൽ ഫസ്റ്റ് റണ്ണറപ്പായ കുട്ടികൾക്കും അദ്ധ്യാപകരായ ജയന്തൻ മാസ്റ്റർ, ദിനേഷ് മാസ്റ്റർ എന്നിവർക്കും പി ടി എ സ്വീകരണം നൽകി. ചടങ്ങിൽ പി ടി എ പ്രസിഡന്റ് ഒ ജയപ്രകാശ് അദ്ധ്യക്ഷത വഹിച്ചു. ദേവസ്വം മെമ്പർമാരായ കെ കെ രാമചന്ദ്രൻ, എ വി പ്രശാന്ത്, പ്രിൻസിപ്പൽ പ്രീതി കെ, മാനേജർ ബിന്ദുലതാ മേനോൻ, വൈസ് പ്രസിഡന്റ് രേഖാവേണു എന്നിവർ സംസാരിച്ചു.

# മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്  കേരളോത്സവം: മുല്ലശ്ശേരി പഞ്ചായത്തിന് ഓവറോൾ കിരീടം

ഒരാഴ്ചക്കാലം നീണ്ട് നിന്ന് മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് കേരളോത്സവത്തിൽ മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് കിരീടം സ്വന്തമാക്കി.  225 പോയന്റുകളോടെ ആണ് മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് ഒന്നാം സ്ഥാനം നേടിയത്. 182 പോയിന്റുകളോടെ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തും 170 പോയിന്റുകളോടെ പാവറട്ടി ഗ്രാമപഞ്ചായത്തും ആണ് യഥാക്രമം രണ്ടും മൂന്നും സ്ഥാനം നേടിയത്. മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ നടന്ന സമാപന സമ്മേളനത്തിൽ മുരളി പെരുന്നെല്ലി എം.എൽ.എ  വിജയികൾക്ക് ട്രോഫികൾ വിതരണം ചെയ്തു. മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ലതി വേണുഗോപാൽ, മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് വി.കെ. രവീന്ദ്രൻ, വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പി.കെ. പത്മിനി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ ബി.ആർ. സന്തോഷ്, മേരി പ്രിൻസ്, ടി.എസ്.ഷാജു, എം.എം. വാസന്തി എന്നിവർ സംസാരിച്ചു.

# ദേശീയ സ്കൂൾ ജൂഡോ ചാമ്പ്യൻഷിപ്പ്: തൃശൂരിന്റെ വിഷ്ണുവിലൂടെ കേരളത്തിന് മെഡൽ നേട്ടം

ന്യൂഡൽഹിയിൽ നടക്കുന്ന ദേശീയ സ്കൂൾ ജൂഡോ ചാമ്പ്യൻഷിപ്പിൽ തൃശൂർ ചാഴൂർ സ്വദേശി സി. ജെ. വിഷ്ണുവിലൂടെ കേരളത്തിന് മെഡൽ നേട്ടം. തിങ്കളാഴ്ച നടന്ന ജൂഡോ മത്സരത്തിൽ വെങ്കലം നേടിയാണ് വിഷ്ണു വ്യക്തിമുദ്ര പതിപ്പിച്ചത്. ജി എച്ച് എസ് എസ് പെരിങ്ങോട്ടുകര സ്കൂളിലെ പ്ലസ് ടു വിദ്യാർഥിയാണ് വിഷ്ണു. ഒക്ടോബറിൽ തൃശ്ശൂരിൽ നടന്ന സംസ്ഥാനതല ജൂഡോ ചാമ്പ്യൻഷിപ്പിൽ സ്വർണ മെഡൽ നേടിയാണ് വിഷ്ണു ദേശീയതല മത്സരത്തിലേക്ക് യോഗ്യത നേടിയത്. ചാഴൂർ ജൂഡോ അക്കാദമിയിൽ കോച്ച് മരിയ ലിയുടെ ശിക്ഷണത്തിലാണ് വിഷ്ണു പരിശീലനം നടത്തുന്നത്. ചാഴൂർ സ്വദേശികളായ ജയപ്രകാശിന്റെയും ഷീന റാണിയുടെയും മകനാണ് വിഷ്ണു.